## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1788** — **04.12. 2015-ൽ മറുപടിക്ക്**

# സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി.കൃഷ്ണൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) | ഏതൊക്കെ സാമൂഹ്യ സുരക്ഷ പെൻഷനുകളാണ് വിതരണം ചെയ്യുന്നതെന്നും ഓരോന്നിലും പ്രതിമാസം പെൻഷൻ തുക എത്രയാണെന്നും വിശദമാക്കുമോ ; | (എ) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ അംഗപരിമിതർക്കുള്ള പെൻഷൻ, അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ സാമൂഹ്യ സുരക്ഷാ പെൻഷനുകളാണ് നിലവിലുള്ളത്.<br>ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ- 600/- രൂപ<br>80 വയസ്സിന് മുകളിൽ പ്രായമുള്ള വർക്കുള്ള വാർദ്ധക്യകാല പെൻഷൻ- 1200/- രൂപ<br>ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ- 800/- രൂപ<br>ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ - 800/- രൂപ<br>80% വൈകല്യമുള്ളവർക്കുള്ള പെൻഷൻ- 1100/- രൂപ<br>അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ- 800/- രൂപ |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വർദ്ധിപ്പിച്ച പ്രതിമാസ പെൻഷനുകൾ ഏതെല്ലാമാണെന്നും എത്ര തുക വീതമാണെന്നും വിശദമാക്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 300/- രൂപയിൽ നിന്ന് 400/- രൂപയായും തുടർന്ന് 400/- രൂപയിൽ നിന്ന് 600/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>80 വയസ്സിന് മേൽ പ്രായമുള്ളവർക്ക് വാർദ്ധക്യകാല പെൻഷൻ 300/- രൂപയിൽ നിന്ന് 400/- രൂപയായും , 400/- രൂപയിൽ നിന്നും 900/- രൂപയായും |

തുടർന്ന് 900/- രൂപയിൽ നിന്നും 1200/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ 300/- രൂപയിൽ നിന്നും 400/- രൂപയായും 400/-രൂപയിൽ നിന്നും 525/- രൂപയായും തുടർന്ന് 525/- രൂപയിൽ നിന്നും 800/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇന്ദിരാഗാന്ധി ദേശീയ അംഗപരിമിതർക്കുള്ള പെൻഷൻ 300/- രൂപയിൽ നിന്നും 400/- രൂപയായും 400/- രൂപയിൽ നിന്നും തുടർന്ന് 525 രൂപയായും 525 രൂപയിൽ നിന്നും 800 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

80%-നു മുകളിൽ അംഗവൈകല്യം സംഭവിച്ചവർക്കുള്ള പെൻഷൻ 300/- രൂപയിൽ നിന്നും 400/- രൂപയായും 400/- രൂപയിൽ നിന്നും 700/- രൂപയായും തുടർന്ന് 700/ രൂപയിൽ നിന്നും 1100/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഏതൊക്കെ പെൻഷനുകൾ എത്ര തുക വീതം കുടിശ്ശികയായിട്ടുണ്ടെന്നും വിശദമാക്കുമോ ? | (സി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ